## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 7918

16.07.2014-ലെ മറുപടിയ്ക്ക്

## സഹകരണ ആഡിറ്റ് കാര്യക്ഷമമാക്കാൻ നടപടി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.ജി.സുധാകരൻ | ശ്രീ.സി.എൻ.ബാലകൃഷ്ണൻ (സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) സഹകരണ സംഘം രജിസ്ട്രാറുടെ നിലവിലുള്ള സർക്കുലറിന് വിരുദ്ധമായി സഹകരണ മേഖലയിലെ ആഡിറ്റർമാരിൽ നിന്നും ക്രമത്തിലധികം സഹകരണ സംഘങ്ങളിൽ ആഡിറ്റ് നടത്തി റിപ്പോർട്ടുകൾ സമർപ്പിക്കാൻ സമ്മർദ്ദം ചെലുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) സമ്മർദ്ദം ചെലുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ പുതിയ സഹകരണ നിയമ ഭേദഗതി പ്രകാരം സംസ്ഥാനത്തെ മുഴുവൻ സഹകരണ സ്ഥാപനങ്ങളുടെ ആഡിറ്റ് സാമ്പത്തിക വർഷം അവസാനിച്ച് ആറ് മാസത്തിനുള്ളിൽ പൂർത്തീകരിച്ച് ആഡിറ്റ് സർട്ടിഫിക്കറ്റ് നൽകേണ്ടതായിട്ടുണ്ട്. 01.04.2014-ൽ സംസ്ഥാനത്ത് ആകെ 23966 സംഘങ്ങൾ ഉള്ളതിൽ 6209 എണ്ണം ആർ.എൻ.എ വിഭാഗത്തിൽപ്പെട്ടതാണ്. 17757 ആഡിറ്റബിൾ സംഘങ്ങളുടെ 20232 ആഡിറ്റുകൾ ഇപ്രകാരം പൂർത്തീകരിച്ച് 30.09.2014 ന് മുമ്പ് സർട്ടിഫിക്കറ്റുകൾ നൽകേണ്ടതുണ്ട്. ആകെയുള്ള 17757 ആഡിറ്റബിൾ സംഘങ്ങളിൽ 13017 എണ്ണം യൂണിറ്റ് വിഭാഗത്തിലും, 4340 എണ്ണം ഗ്രൂപ്പ് കൺകറന്റ് വിഭാഗത്തിലും, 400 എണ്ണം |

സിംഗിൾ കൺകറന്റ് വിഭാഗത്തിലും ആഡിറ്റ് ചെയ്യേണ്ടവയാണ്. നിലവിൽ ആഡിറ്റർമാരുടെ 1730 തസ്തികകൾ ഉള്ളതിൽ 1295 എണ്ണം കൺകറന്റ് വിഭാഗത്തിൽപ്പെട്ടതാണ്. ആകെ നിലവിലുള്ള 1730 ആഡിറ്റർ തസ്തികകളിൽ 208 എണ്ണം ഒഴിഞ്ഞുകിടക്കുകയാണ്. ഈ സാഹചര്യത്തിൽ 6 മാസം കൊണ്ട് കൂടുതൽ ആഡിറ്റുകൾ പൂർത്തീകരിച്ച് സർട്ടിഫിക്കറ്റ് നൽകേണ്ട സാഹചര്യം നിലവിലുണ്ട്.

| | |
|---|---|
| (ബി) ഉണ്ടെങ്കിൽ ഇതൊഴിവാക്കി ആഡിറ്റ് കാര്യക്ഷമമാക്കാൻ എന്തു നടപടിയാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ? | (ബി) ആഡിറ്റർമാർ കുറവുള്ള ജില്ലയിൽ യൂണിറ്റ് ഇൻസ്പെക്ടർമാരുടെ സേവനം ആഡിറ്റിന് വിട്ടുനൽകാനും അത്യാവശ്യമുള്ള ഇൻസ്പെക്ടർമാരുടെ തസ്തികയിലേയ്ക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമിക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ